# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1498** **13/6/2014** ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച റബ്ബർ സംഭരണം മുഖേന എത്ര ടൺ റബ്ബർ സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചു; റബ്ബർ സംഭരിക്കുന്ന രീതി എങ്ങനെയെന്ന് വിശദമാക്കുമോ; | (എ) | റബ്ബർമാർക്ക് 109.7 MT ഉം മാർക്കറ്റ്ഫെഡ് 29.2614 ടൺ ഉം ചേർത്ത് ആകെ 138.26 മെട്രിക് ടൺ റബ്ബർ സംഭരിച്ചതായി സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ ആകെ 2.075 കോടി വിലമതിക്കുന്ന റബ്ബറാണ് സംഭരിച്ചിട്ടുള്ളത്.<br>RSS-4 ഗ്രേഡിലുള്ള റബ്ബറിന് 2009-10, 2010-11 , 2011-12 എന്നീ വർഷങ്ങളിലെ ശരാശരി വിലയായ കിലോയ്ക്ക് 171 രൂപ എത്തുന്നതുവരെയാണ് സംഭരിക്കുന്നത്. റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകിയാണ് കർഷകരിൽ നിന്നും റബ്ബർ സംഭരണം നടത്തുന്നത്. ഒന്നാം ഘട്ടമായി 10000 ടൺ റബ്ബർ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനായി കിലോയ്ക്ക് 6/- രൂപ നിരക്കിൽ 2:1 എന്ന അനുപാതത്തിൽ കൃഷി വകുപ്പും സഹകരണ വകുപ്പും സംയുക്തമായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർ കൃഷിക്കാർക്കുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | റബ്ബറിന്റെ വിലയിടിവിനെ തുടർന്നുണ്ടായ പ്രതിസന്ധിയിൽ നിന്നും കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | റബ്ബർ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (സി) | വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കി കൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | 2013-14 സാമ്പത്തിക വർഷത്തിൽ നമ്മുടെ രാജ്യത്തെ മൊത്തം റബ്ബറുല്പ്പാദനത്തിൽ കേരളത്തിന്റെ വിഹിതം എത്രയെന്ന് വിശദമാക്കുമോ ? | (ഡി) | 2013-14 സാമ്പത്തിക വർഷത്തിലെ റബ്ബറുല്പ്പാദനം സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ